**GAZETTE DATE : 31.08.2026**
**LAST DATE : 07.10.2026**

# CATEGORY NO. 135/2026

Applications are invited online only through One Time Registration from the **in service employees of the Kerala Land Development Corporation Limited** for selection to the post of Assistant Project Engineer in the above concern. Before submitting application candidates should register through One Time Registration in the official website of Kerala Public Service Commission. Candidates who have already registered can apply through their profile.

1. **Name of firm** : **Kerala Land Development Corporation Limited**
2. **Name of Post** : **Assistant Project Engineer**
3. **Scale of Pay** : **₹ 19,240-34,500/-**
4. **Number of vacancy** : **01 (One)**

Note:-1) The above vacancy is now in existence. The ranked list of selected candidates published by the Commission in response to this notification shall remain in force for a minimum period of one year provided that the said ranked list will continue to be in force till the publication of a new ranked list after the expiry of the minimum period of one year or till the expiry of three years whichever is earlier. Candidates will be advised from the said list against the vacancy noted above and also against the vacancies if any reported to the Commission in writing during the period of currency of the list.

2) The Kerala Public Service Commission shall have the power to cancel the advice for appointment of any candidate to the above post, if it is subsequently found that such advise was made under some mistake. On such cancellation, the Appointing Authority shall terminate the service of the candidate, provided that, the cancellation of advice for appointment by the Commission and subsequent termination of service of the candidate by the Appointing Authority shall be made within the period of his/ her probation or 240 days from the date of his /her joining duty whichever is earlier.

5. **Method of Appointment** : Direct Recruitment from in service personnel from Kerala Land Development Corporation Limited

   **Note:** The persons appointed through employment exchange or otherwise and working on temporary basis are not eligible to apply for the post in response to this notification

6. **Age Limit** : Upper age limit is not applicable for this post.

Note(i) The rules regarding the reservation of appointment contemplated in the Rule 14 to 17 of Part II of the Kerala State & Subordinate Service Rules, 1958 are not applicable to the appointment in response to this notification.

(ii) The candidate who apply for in-service quota recruitment should produce a Service Certificate in original in the form prescribed below and the same shall be uploaded in their profile and the original shall be produced at the time of certificate verification.

**SERVICE CERTIFICATE**

| | | |
|---|---|---|
| 1 | Name of candidate | : |
| 2 | Name of post now held by the applicant with scale of pay. | : |
| 3 | Name of department/ Institution in which now working. | : |

4 Name of service to which the applicant belongs. :

5 Date of commencement of service and date of commencement of probation. :

6 Whether the applicant is a probationer / an approved probationer or full member of service. :

7 Service Particulars.

| Sl No | Name of posts held | Period | | Length of Service | | |
|---|---|---|---|---|---|---|
| | | From | To | Year | Month | Day |
| | | | | | | |
| Total Service | | | | | | |

Certified that the above details in respect of Sri/Smt …....................................... who is a probationer / an approved probationer/full member of the service have been verified by me with the service particulars as given in the Service Book of the candidate and that they are found correct.

Also certified that Sri/Smt …....................................... is eligible to apply for the post of Assistant Project Engineer as per GO(P) 13/2024/AGRI Dated 30.07.2024.

Signature:

Place: Name and Designation

Date : of the Head of Office in KSLDC Ltd

(office seal)

**7. Qualifications:-**

i. B.Tech Degree in Civil Engineering /Agricultural Engineering or its equivalent from UGC/AICTE recognized Universities/National Institutes established by the Central Government or Institutions established by Government of Kerala.

OR

Pass in section A & B of the Associate Membership Examination of Institution of Engineers (India) in Civil Engineering

AND

ii. They should have worked as Draftsman/Overseer for a total period of not less than 3 years in the Corporation and for those belonging to any other lower category, should have worked under these rules -Administrative, Technical, Ministerial and Last Grade Service – for a total period of not less than 4 years .

Note: (1) Rule 2(9) of Part I and Rule 10(a)ii of Part II of KS&SSR are applicable.

(2) In addition to the qualifications prescribed in this notification, the qualifications recognized by Executive Orders or Standing Orders of Government as equivalent to a qualification specified for a post in the Special Rules or found acceptable by the Commission in cases where acceptance of equivalent qualifications is provided for in the rules and such of those qualification which pre–suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government orders declaring equivalent / higher qualifications shall be produced as and when required by the Commission.

**8. Mode of submitting applications:-**

**(a)** Candidates must register as per ONE TIME REGISTRATION with the official Website of Kerala Public Service Commission www.keralapsc.gov.in before applying for the post. Candidates who have registered can apply by logging on to their profile using their User-ID and Password.

Candidates must click on the 'Apply Now' button of the respective posts in the Notification Link to apply for a post. Candidates who create profile afresh must upload photograph taken within six months. Name of the candidate and date of photograph taken should be printed legibly at the bottom of the photograph. The photograph once uploaded that meets all requirements shall be valid for ten years from the date of upload. There is no change in other instructions regarding the upload of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application on the profile candidates must ensure the correctness of the information in their profile. They must quote the User-ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application. The application will be summarily rejected if non-compliance with the notification is found in due course of processing. Original documents to prove qualification, experience, age, Community etc. have to be produced as and when called for.

(b) Candidates who have AADHAAR card should add AADHAAR card as ID proof in their profiles.

9. The selection to the above post in Kerala Land Development Corporation Limited will be subject to the rules and regulations made by them from time to time.

10. If Written/OMR/Online Test is conducted as part of this selection, candidate shall submit a confirmation for writing the examination through their One Time Registration Profiles. Such candidates alone can generate and download the admission tickets in the last 15 days till the date of test. The applications of candidates who do not submit confirmation within the stipulated period, will be rejected absolutely. The periods regarding the submission of confirmation and the availability of admission tickets will be published in the examination calendar itself. Information in this regard will be given to the candidates in their respective profiles and in the mobile phone number registered in it.

11. **Last Date of receipt of applications: 07.10.2026 Wednesday upto 12 midnight.**

12. Address to which applications are to be sent: www.keralapsc.gov.in

13. **Special Instructions for Candidates**

a) Candidates who receive a profile message at any stage of the selection process directing them to upload documents to prove their qualifications and other claims should do so within the stipulated time; otherwise, they will not be considered for the next stage of the selection.

b) In the case of difference in Caste / Community claimed in the application and that entered in SSLC book, the candidate shall produce a Gazette notification in this regard, along with Non-Creamy Layer Certificate / Community Certificate at the time of certificate verification.

c) Candidates are required to acquaint themselves with the instruction given in the notification as part II, General conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General conditions are liable to be rejected.

d) Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written / practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them, if they have already been appointed, or any one or more of the above.

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

# കാറ്റഗറി നമ്പർ : 135/2026

കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്-ലെ അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനീയർ തസ്തികയുടെ താഴെ കാണിച്ചിട്ടുള്ള **ഇൻ – സർവ്വീസ് ക്വാട്ട** ഒഴിവിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് പ്രസ്തുത സ്ഥാപനത്തിൽ ജോലി നോക്കുന്ന സ്ഥിരം ജീവനക്കാരിൽ നിന്നും ഓൺലൈനായി ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ 'ഒറ്റത്തവണ രജിസ്ട്രേഷൻ' നടത്തിയിരിക്കണം. ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാവുന്നതാണ്.

1. **സ്ഥാപനത്തിന്റെ പേര്** : **കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്**
2. **ഉദ്യോഗപ്പേര്** : **അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനീയർ**
3. **ശമ്പളം** : **₹19,240 – 34,500/-**
4. **ഒഴിവുകളുടെ എണ്ണം** : **01 (ഒന്ന്)**

**കുറിപ്പ്:–** 1) മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിനു പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

2) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള ഏതു നിയമന ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ ആയത് റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദ് ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കുന്നതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കും.

5. **നിയമന രീതി** : കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്-ലെ സ്ഥിരം ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം .

**കുറിപ്പ്:–** എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ മറ്റു രീതിയിലോ നിയമിക്കപ്പെട്ട് നിലവിൽ താല്ക്കാലികമായി ജോലി ചെയ്ത് വരുന്ന ജീവനക്കാർ ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കുന്നതിന് അർഹരല്ല.

6. **പ്രായപരിധി** : ഉയർന്ന പ്രായപരിധി ഈ തസ്തികയുടെ നിയമനത്തിന് ബാധകമല്ല.

**കുറിപ്പ് :** (i)കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1958 ന്റെ ഭാഗം II ലെ 14 മുതൽ 17 വരെയുള്ള സംവരണവുമായി ബന്ധപ്പെട്ട ചട്ടങ്ങൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

(ii)ഈ വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ താഴെ പറയുന്ന മാതൃകയിലുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് ഓഫീസ് മേലധികാരിയിൽ നിന്നും വാങ്ങി തങ്ങളുടെ പ്രൊഫൈലിൽ ചേർക്കുകയും അതിന്റെ അസ്സൽ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്.

## സർവ്വീസ് സർട്ടിഫിക്കറ്റ്

| | | |
|---|---|---|
| 1 | ഉദ്യോഗാർത്ഥിയുടെ പേര്. | : |
| 2 | നിലവിൽ ഉദ്യോഗാർത്ഥി വഹിക്കുന്ന തസ്തികയുടെ പേരും ശമ്പള സ്കെയിലും. | : |
| 3 | നിലവിൽ ജോലി നോക്കുന്ന വകുപ്പിന്റെ / സ്ഥാപനത്തിന്റെ പേര്. | : |
| 4 | ഉദ്യോഗാർത്ഥി ഏതു വിഭാഗം സർവ്വീസിൽപ്പെടുന്നു എന്ന്. | : |
| 5 | സർവ്വീസ് തുടങ്ങിയ തീയതിയും പ്രൊബേഷൻ ആരംഭിച്ച തീയതിയും. | : |
| 6 | അപേക്ഷകൻ പ്രൊബേഷണറോ / അപ്രൂവ്ഡ് പ്രൊബേഷണറോ / ഫുൾ മെമ്പറോ എന്ന്. | : |
| 7 | സേവന വിവരങ്ങൾ | |

| ക്രമ നം. | നിലവിലെ തസ്തിക | സേവന കാലം | | സർവ്വീസ് ദൈർഘ്യം | | |
|---|---|---|---|---|---|---|
| | | മുതൽ | വരെ | വർഷം | മാസം | ദിവസം |
| | | | | | | |
| ആകെ സർവ്വീസ് | | | | | | |

……………………………………… സർവ്വീസിൽ ഒരു പ്രൊബേഷണർ / അപ്രൂവ്ഡ് പ്രൊബേഷണർ / ഫുൾ മെമ്പറായ ശ്രീ/ശ്രീമതി ………………………………………… എന്ന ഉദ്യോഗസ്ഥനെ(യെ) സംബന്ധിച്ച മുകളിൽ പ്രസ്താവിച്ച വിവരങ്ങൾ ടിയാന്റെ സർവ്വീസ് ബുക്കിലെ വിവരങ്ങളുമായി ഒത്തുനോക്കുകയും അവ ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്ത വിവരം ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

30.07.2024 തീയതിയിലെ സ.ഉ.(അച്ചടി).നം.13/2024/AGRI നമ്പർ ഉത്തരവ് പ്രകാരം ശ്രീ/ശ്രീമതി ……………………………………………അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനീയർ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹത നേടിയ ആളാണെന്ന് കൂടി സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

ഒപ്പ്

സ്ഥലം: ഓഫീസ് മേധാവിയുടെ പേരും , ഉദ്യോഗപ്പേരും

തീയതി: (കെ.എൽ.ഡി.സി . ലിമിറ്റഡ്)

(ഓഫീസ് സീൽ)

7. **യോഗ്യതകൾ :-**

(I) UGC/AICTE അംഗീകൃത സർവ്വകലാശാലകൾ/ കേന്ദ്ര സർക്കാർ സ്ഥാപിത ദേശീയ സ്ഥാപനങ്ങൾ അല്ലെങ്കിൽ കേരള സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ നേടിയ സിവിൽ എഞ്ചിനീയറിംഗ് / അഗ്രിക്കൾച്ചർ എഞ്ചിനീയറിഗിലുള്ള ബിടെക് ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത .

അല്ലെങ്കിൽ

ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനീയേഴ്സ് ഇൻ ഇന്ത്യയുടെ സിവിൽ എഞ്ചിനീയറിംഗിലുള്ള അസ്സോസിയേറ്റ് മെമ്പർഷിപ്പ് പരീക്ഷയുടെ സെക്ഷനുകൾ 'എ' യും ' ബി' യും പാസായിരിക്കണം

(II) കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്-ൽ ഡ്രാഫ്റ്റ്സ്മാൻ /ഓവർസിയർ തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാതെയുള്ള സേവനം അല്ലെങ്കിൽ മറ്റ് ലോവർ കാറ്റഗറി വിഭാഗത്തിൽ അഡ്മിനിസ്ട്രേറ്റീവ് /ടെക്നിക്കൽ /മിനിസ്റ്റീരിയൽ/ലാസ്റ്റ് ഗ്രേഡ് സർവീസ് വിഭാഗങ്ങളിൽ നാല് വർഷത്തിൽ കുറയാതെയുള്ള സേവനം .

**കുറിപ്പ് :** (1) കെ.എസ്.ആന്റ് എസ്.എസ്.ആർ പാർട്ട് I ലെ റൂൾ 2(9) , പാർട്ട് II വിലെ റൂൾ 10(a) ii എന്നിവ ബാധകമാണ്.

(2) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമെ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിങ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾക്ക് തത്തുല്യമായി കമ്മീഷൻ നിശ്ചയിക്കുന്ന യോഗ്യതകളും നിർദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്.തത്തുല്യ യോഗ്യത/ ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

8. **അപേക്ഷ സമർപ്പിക്കേണ്ട രീതി:-**

(a) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. പുതുതായി പ്രൊഫൈൽ നിർമ്മിക്കുന്ന ഉദ്യോഗാർത്ഥികൾ ആറ് മാസത്തിനുള്ളിൽ എടുത്ത ഫോട്ടോയാണ് പ്രൊഫൈലിൽ അപ്-ലോഡ് ചെയ്യേണ്ടത്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അപ്-ലോഡ് ചെയ്ത ഫോട്ടോക്ക് അപ്-ലോഡ് ചെയ്ത തീയതി മുതൽ പത്ത് വർഷക്കാലത്തേക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന്

മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(b) **"ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്."**

9. കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്-ലെ നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

10. ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് download ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്.

11. **അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി : 07.10.2026 ബുധനാഴ്ച അർദ്ധരാത്രി 12.00 മണി വരെ.**

12. **അപേക്ഷ സമർപ്പിക്കേണ്ട വെബ് സൈറ്റ് വിലാസം :** www.keralapsc.gov.in

13. **ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

a) തെരഞ്ഞെടുപ്പിന്റെ ഏത് ഘട്ടത്തിലും അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള യോഗ്യതയോ, മറ്റ് വസ്തുതകളോ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങൾ അപ് ലോഡ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊഫൈൽ സന്ദേശം ലഭിക്കുന്നപക്ഷം അനുവദിക്കപ്പെട്ട സമയപരിധിക്കുള്ളിൽ തന്നെ അവ അപ് ലോഡ് ചെയ്യേണ്ടതാണ്, അല്ലാത്തപക്ഷം രേഖകൾ അപ് ലോഡ് ചെയ്യാത്ത ഉദ്യോഗാർത്ഥികളെ തെരെഞ്ഞെടുപ്പിന്റെ തുടർഘട്ടത്തിലേയ്ക്ക് പരിഗണിക്കുന്നതല്ല.

b) ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി/ സമുദായം എസ്.എസ്.എൽ.സി. ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് / ജാതി സർട്ടിഫിക്കറ്റിനോടൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

c) ഉദ്യോഗാർത്ഥി ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ച് മനസ്സിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത് പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

d) "വിദ്യാഭ്യാസം , പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിയ്ക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ / നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്".

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ